## ക്രിസ്തുവിന്റെ പുനരുല്പാദനമായി മാറുന്നത്

### I. ക്രിസ്തുവിൽ വിശ്വസിക്കുന്നവരെന്ന നിലയിൽ, നമ്മുടെ മാതൃകയായ ക്രിസ്തുവിന്റെ പുനരുല്പാദനമായി നാം മാറണം

1 പത്രൊ. 2:21 ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു; (22) അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വ്യാജം കണ്ടെത്തിയതുമില്ല. (23) അവൻ അധിക്ഷേപിക്കപ്പെട്ടിട്ട് പകരം അധിക്ഷേപിച്ചില്ല; കഷ്ടമേൽക്കവേ, അവൻ ഭീഷണിപ്പെടുത്താതെ നീതിപരമായി ന്യായം വിധിക്കുന്നവന് എല്ലാം ഭരമേൽപ്പിച്ചുകൊണ്ടിരുന്നു. (24) നാം പാപങ്ങൾക്കു മരിച്ചിട്ട് നീതിക്കു ജീവിക്കേണ്ടതിന്, അവൻ തന്നെ മരത്തിന്മേൽ അവന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു; അവന്റെ അടിപ്പിണരാൽ നിങ്ങൾ സൗഖ്യം പ്രാപിച്ചിരിക്കുന്നു

**പുനരുല്പാദനത്തിന്റെ മാതൃക (കർത്താവിന്റെ ജീവിതം)**

- ദൈവത്തിന്റെ ഭരണത്തിൻ കീഴിലുള്ള കർത്താവായ യേശുവിന്റെ ജീവിതം ഒരു മാതൃകയാണ്, അത് നാം അവന്റെ പുനരുല്പാദനമായിത്തീരുന്നതിന് അവന്റെ കാൽച്ചുവടുകളെ പിന്തുടരേണ്ടതിനാകുന്നു
- 1 പത്രൊ. 2:21-ലെ മാതൃക എന്നതിനുള്ള യവന പദം, എഴുതുവാൻ പഠിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന ഒരു മൂലപകർപ്പിനെ—എഴുതുവാനുള്ള പ്രതി, അടിയിലെ എഴുത്ത് യഥാരൂപത്തിലെഴുതുവാൻ പഠിക്കുന്നതിന് വിദ്യാർഥികൾ പകർത്തിയെഴുതുവാൻ ഉപയോഗിക്കുന്ന പകർപ്പിനെയാണ് സൂചിപ്പിക്കുന്നത്

**പുനരുല്പാദനത്തിന്റെ പ്രക്രിയ**

(ക്രിസ്തുവിന്റെ പുനരുൽപാദനമായി മാറുന്നതിനായ് ആത്മിക "പകർപ്പ്" അനുഭവമാക്കുന്നതിന്, നമ്മിൽ ജീവിക്കുകയും, നമ്മിൽ ഉരുവാകുകയും, നമ്മുടെ ഹൃദയങ്ങളിൽ അവന്റെ ഭവനം പണിയുകയും ചെയ്യുന്നവൻ എന്ന നിലയിൽ ക്രിസ്തുവിനെ നാം അനുഭവമാക്കേണ്ടതുണ്ട്)

- നാം ദിവ്യജീവിന്റെ സമ്പത്ത് ഉൾപ്പെടുന്ന ഒരു പ്രക്രിയയിലൂടെ ക്രിസ്തുവിന്റെ പുനരുല്പാദനമായി, ക്രിസ്തുവിന്റെ പകർപ്പുകളായി മാറണം; ഈ പ്രക്രിയ പൂർത്തിയാകുമ്പോൾ, നാം ക്രിസ്തുവിന്റെ ഒരു പുനരുല്പാദനമായി മാറും
    - ക്രിസ്തു നമുക്ക് ഒരു മാതൃകയാകുന്നു എന്നതുകൊണ്ട് പത്രൊസ് എന്താണ് അർഥമാക്കുന്നതെന്ന് ഉദാഹരിക്കുവാൻ ഫോട്ടൊകോപ്പികൾ ഉണ്ടാക്കുന്നതിനെ ഉപയോഗിക്കാവുന്നതാണ്
- നമ്മുടെ മാതൃകയായ ക്രിസ്തുവിന്റെ പുനരുല്പാദനമായിത്തീരേണ്ടതിന്, നമ്മിൽ ജീവിക്കുകയും നമ്മിൽ ഉരുവാകുകയും നമ്മുടെ ഹൃദയങ്ങളിൽ അവന്റെ ഭവനം പണിയുകയും ചെയ്യുന്നവൻ എന്ന നിലയിൽ ക്രിസ്തുവിനെ നാം അനുഭവമാക്കേണ്ടതുണ്ട്
    - ക്രിസ്തു നമ്മുടെ ആന്തരിക ആളത്തത്തോട് ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു
    - ശ്വാസമായ ക്രിസ്തു—ജീവൻ നൽകുന്ന ആത്മാവായ ക്രിസ്തു—നമ്മിൽ ജീവിക്കുന്നു
    - ക്രിസ്തു നമ്മിൽ ഉരുവാകുക എന്നതിനർഥം ക്രിസ്തു നമ്മിൽ പൂർണവളർച്ച പ്രാപിക്കുക എന്നാണ്
    - നമ്മിൽ ജീവിക്കുന്നവനും നമ്മിൽ ഉരുവാകുന്നവനുമായ ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുന്നു
    - ക്രിസ്തു നമ്മിൽ ജീവിക്കുകയും, നമ്മിൽ ഉരുവാകുകയും, നമ്മുടെ ഹൃദയങ്ങളിൽ അവന്റെ ഭവനം പണിയുകയും ചെയ്യുമ്പോൾ, ദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിനായി നാം ക്രിസ്തുവിന്റെ പുനരുല്പാദനമായിത്തീരുന്നു

## നമ്മുടെ ദേഹികളുടെ ഇടയനെന്ന നിലയിൽ ക്രിസ്തുവിനെ അനുഭവമാക്കുന്നത്

### II. നാം ക്രിസ്തുവിന്റെ പുനരുല്പാദനമായി മാറുമ്പോൾ, നമ്മുടെ ദേഹികളുടെ ഇടയനെന്ന നിലയിൽ ക്രിസ്തുവിനെ അനുഭവമാക്കാനും ആസ്വദിക്കാനും നമുക്ക് കഴിയും

1 പത്രൊ. 2:25 നിങ്ങൾ വഴിതെറ്റിപ്പോകുന്ന ആടുകളെപ്പോലെയായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങളുടെ ദേഹികളുടെ ഇടയനും മേൽവിചാരകനുമായവന്റെ അടുക്കൽ മടങ്ങിവന്നിരിക്കുന്നു.

മത്താ. 11:29 ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

**ക്രിസ്തു നമ്മുടെ ദേഹികളുടെ ഇടയനാണ്**

- നമ്മുടെ ദേഹികളുടെ ഇടയനെന്ന നിലയിൽ, നമ്മുടെ ആന്തരിക ആളത്തത്തിന്റെ അവസ്ഥയ്ക്കായി കരുതിക്കൊണ്ട് ശ്വാസമായ ക്രിസ്തു നമ്മുടെ ആന്തരിക അവസ്ഥയെ മേൽനോട്ടം വഹിക്കുന്നു
- നമ്മുടെ ദേഹി വളരെ സങ്കീർണ്ണമായതിനാൽ, നമ്മുടെ ദേഹിയിൽ നമ്മെ മേയിക്കുന്നതിനും, നമ്മുടെ മനസ്സ്, വികാരം, ഇച്ഛ എന്നിവയെയും, നമ്മുടെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ, മുറിവുകൾ എന്നിവയെയും പരിപാലിക്കുവാനും നമ്മുടെ ആത്മാവിൽ ജീവൻ നൽകുന്ന ആത്മാവായ ക്രിസ്തുവിനെ നമുക്ക് ആവശ്യമാണ്

**ക്രിസ്തു നമ്മുടെ ദേഹിയെ മേയ്ക്കുന്നു**

- നമ്മുടെ ദേഹികളുടെ ഇടയനെന്ന നിലയിൽ ക്രിസ്തു നമ്മുടെ ദേഹിയെ പുനഃസ്ഥാപിക്കുന്നു
- നമ്മുടെ ദേഹികളുടെ ഇടയനെന്ന നിലയിൽ, കർത്താവ് നമ്മുടെ ദേഹിക്ക് വിശ്രമം നൽകുന്നു
- കർത്താവ് നമ്മുടെ ദേഹിയെ മേയിക്കുകയും നമ്മുടെ ദേഹിയെ പുനഃസ്ഥാപിക്കുകയും ചെയ്യുമ്പോൾ, നാം ക്രിസ്തുവിനെ അനുഭവിക്കുക മാത്രമല്ല, അവനെ ആസ്വദിക്കുകയും ചെയ്യുന്നു
    - ക്രിസ്താനുഭവം പ്രാഥമികമായി നമ്മുടെ ആത്മാവിലുള്ള വിഷയമാണ്, എന്നാൽ ക്രിസ്താസ്വാദനം നമ്മുടെ ദേഹിയിലാണ്
    - നമ്മുടെ ദേഹിക്ക് പ്രശ്നമുണ്ടെങ്കിൽ, ക്രിസ്താസ്വാദനം ഇല്ലാതെ നമുക്ക് ക്രിസ്താനുഭവം ഉണ്ടായിരിക്കും
    - ക്രിസ്തുവിനോടുള്ള ബന്ധത്തിൽ, നമ്മുടെ രുചി പ്രധാനമായും നമ്മുടെ ദേഹിയോടുകൂടെയാണ്; ഇതുകൊണ്ടാണ് ക്രിസ്താസ്വാദനം ഉണ്ടായിരിക്കുന്നതിന്, നമ്മുടെ ദേഹിയുടെ എല്ലാ ഭാഗത്തെയും, പ്രത്യേകിച്ച് നമ്മുടെ മനസ്സിനെ മേയിക്കുവാൻ നമുക്ക് കർത്താവിനെ ആവശ്യമായിരിക്കുന്നത്